പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1815</u> <u>17.06.2013 ൽ മറുപടിക്ക്</u>

## കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം എത്രയാണ്; | (എ) | 3178 |
| (ബി) | ഇതിൽ ലൈംഗികാതിക്രമങ്ങളെത്ര; മറ്റ് തരത്തിലുള്ള അതിക്രമങ്ങളെത്ര; വ്യക്തമാക്കുമോ; | (ബി) | 1599 എണ്ണം ലൈംഗികാതിക്രമങ്ങളും 1579 എണ്ണം മറ്റു തരത്തിലുള്ള അതിക്രമങ്ങളുമാണ്. |
| (സി) | ഈ കേസ്സുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവരെത്ര; ഇനിയും പിടികൂടാനുള്ള പ്രതികൾ എത്ര; | (സി) | 3310 പേർ അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ട്. 589 പേരെ ഇനിയും പിടികൂടാനുണ്ട്. |
| (ഡി) | സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ട പ്രതികളെത്ര; റിമാന്റ് ചെയ്യപ്പെട്ട പ്രതികൾ എത്ര; | (ഡി) | സ്റ്റേഷൻ ജാമ്യത്തിൽ 1249 പേരെ വിട്ടയച്ചു. 1846 പേർ റിമാൻഡ് ചെയ്യപ്പെട്ടു. |
| (ഇ) | കുറ്റപത്രം കോടതിയിൽ നൽകിയ കേസ്സുകളെത്ര; അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളെത്ര; | (ഇ) | കുറ്റപത്രം കോടതിയിൽ നൽകിയ കേസ്സുകൾ - 2262<br>അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ - 755 |
| (എഫ്) | ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ? | (എഫ്) | 25 പേർ ശിക്ഷിക്കപ്പെട്ടു |

സെക്ഷൻ ഓഫീസർ